പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1608 — 08.06.2018 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി ചക്കയെ പ്രഖ്യാപിച്ചെങ്കിലും ചക്കയുടെ മൂല്യമനുസരിച്ചുള്ള വിപണി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കേരളത്തിൽ ഏകദേശം 1 ലക്ഷം ഹെക്ടർ സ്ഥലത്ത് ജൈവ രീതിയിൽ പ്ലാവ് കൃഷി ചെയ്യുന്നുണ്ട്.ഏകദേശം 30 കോടിയോളം എണ്ണം ചക്ക ഉൽപാദിപ്പിക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്.ഇതിന്റെ വിപണി മൂല്യം 300 കോടി രൂപയിൽ അധികം വരും.എന്നാൽ 3 കോടിയിൽ താഴെയാണ് ഈ ഇനത്തിൽ വരുമാനം ലഭിക്കുന്നത്.പുതിയ സാങ്കേതിക വിദ്യയിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ആക്കി മാറ്റിയാൽ 1500 മുതൽ 3000 കോടി രൂപയോളം വരുമാനം ഉണ്ടാക്കുവാൻ കഴിയും.പുതിയ സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനും ഗവേഷണത്തിനും ഗുണമേൻമയുള്ള പ്ലാവിനങ്ങളുടെ പ്രജനനത്തിനും വിപണിയിൽ ഇടപെടുന്നതിനുമായി 105 ലക്ഷം രൂപ വയനാട് റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷന് നൽകിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്നതും പോഷകമൂല്യം ഏറിയതുമായ ചക്ക ശേഖരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ വിവിധ ഉല്പന്നങ്ങളാക്കി കയറ്റുമതിയും വിപണനവും നടത്തുന്നതിന് നിലവിൽ കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന പ്രമുഖ കേന്ദ്ര പദ്ധതികളായ എം.ഐ.ഡി.എച്ച്- ൽ ഉൾപ്പെടുത്തി ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് സംസ്കരണശാലകൾ സ്ഥാപിക്കുന്നതിന് (പ്രോജക്ട് അടിസ്ഥാനത്തിൽ) സ്വയം സംരംഭകർക്കും, സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതാണ്. കൂടാതെ ചക്കയുടെ സംഭരണം, തരംതിരിക്കൽ/ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവയ്ക്കും |

സാമ്പത്തിക സഹായം നൽകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി ഘടകം | സബ്സിഡി നിരക്ക് | ആകെ തുക (ലക്ഷം രൂപ) | അനുവദനീയമായ സാമ്പത്തിക സഹായം (ലക്ഷം രൂപ) |
|---|---|---|---|
| വിളവിസ്തൃതി വ്യാപനം | 50.00% | 0.60 | 0.30 |
| പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 25 | 10 |
| ഹില്ലി ഏരിയ | 55% | 25 | 13.75 |
| സംഭരണം, തരം തിരിക്കൽ/ ഗ്രേഡിംഗ്, പായ്ക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 15 | 6 |
| ഹില്ലി ഏരിയ | 55% | 15 | 8.25 |

സി) കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ചക്കയുടെ വിപണിമൂല്യം സംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

സി) ഉണ്ട്. ഈ വിഷയത്തിൽ കാർഷിക സർവ്വകലാശാല പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ഡി) ചക്കയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പന്ന നിർമ്മാണത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് കൂടി തൊഴിൽ ലഭിക്കുന്ന വിധത്തിൽ പദ്ധതി തയ്യാറാക്കുമോ?

ഡി) ഈ മേഖലിയിൽ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, എം.ഐ.ഡി.എച്ച് പദ്ധതിയിലൂടെ നൽകി വരുന്ന സഹായം, ഉചിതമായ പദ്ധതി സമർപ്പിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്കും സഹായം പരിഗണിയ്ക്കുന്നതാണ്. കുടുബശ്രീ ഉൽപാദിപ്പിക്കുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് മുഖേന വിറ്റഴിക്കുന്നതിന് MoU ഒപ്പ് വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ